File No.FWLD-B2/140/2018-FWLD

13772
17/7/18

കേരള സർക്കാർ

## സംഗ്രഹം

പാലക്കാട് ഡിവിഷനിലെ അരുവാക്കോട് ഡിപ്പോയിൽ 21/10/2017-ാം തീയതി നടന്ന 13801/17-18-ാം നമ്പർ ഇ-ലേലത്തിൽ ബാക്കി തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ബി) വകുപ്പ്

**സ.ഉ.(സാധാ) നം.334/2018/വനം** തീയതി,തിരുവനന്തപുരം, 11/07/2018

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്)-ന്റെ 8/6/2018-ലെ പ്രൊ(4) - 60171/16 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ടിംബർ സെയിൽസ് ഡിവിഷനിലെ അരുവാക്കോട് ഡിപ്പോയിൽ 21.10.2017-ാം തീയതി നടന്ന 13801/17-18 -ാംനമ്പർ ഇ-ലേലത്തിൽ ശ്രീ.സി.എച്ച്.ഉമ്മർ, സിൻഷാ ട്രേഡേഴ്സ് എന്നയാൾ 130/17, 178/17, 226/117, 229/17, 247/17 എന്നീ 5 ലോട്ടുകൾ ലേലം ചെയ്യുകയും, ടി ലേലത്തിന്റെ പാർട്ട് വാല്യൂ ഒടുക്കുകയും ഇതിൽ 178/17 എന്ന ലോട്ട് വിലയും, നികുതികളുമടച്ച് നീക്കം ചെയ്തിട്ടുള്ളതുമാണ്. മറ്റ് ലോട്ടുകൾ വിലയും, മറ്റ് നികുതികളുമടച്ച് നീക്കം ചെയ്യേണ്ട അവസാന തീയതി 01.03.2018 ആയിരുന്നു. എന്നാൽ ശ്രീ.സി.എച്ച്.ഉമ്മർ, സിൻഷാ ട്രേഡേഴ്സ് എന്നയാൾക്ക് നിശ്ചിത തീയതിക്കകം തുക ഒടുക്കി ലോട്ടുകൾ നീക്കം ചെയ്യാൻ സാധിച്ചില്ല, സമയപരിധിക്കുള്ളിൽ ലേലതുക ഒടുക്കി ലോട്ടുകൾ നീക്കം ചെയ്യാതിരുന്നത് ഇ-ലേലവ്യവസ്ഥകളുടെ ലംഘനമാണ്. ഇപ്രകാരം ലേലംകൊണ്ട തടി യഥാസമയം നീക്കം ചെയ്യാതിരുന്നാൽ ടി ലോട്ടുകൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തണമെന്നാണ് ലേല വ്യവസ്ഥ. എന്നാൽ ശ്രീ.സി.എച്ച്.ഉമ്മർ, സിൻഷാ ട്രേഡേഴ്സ് എന്നയാൾ ലേലംകൊണ്ട ലോട്ടുകൾക്ക് ഉയർന്ന വില ലഭിച്ചിട്ടുണ്ടെന്നും, ഇവ പുനർലേലം നടത്തിയാൽ നിലവിൽ ലഭ്യമായ വിലയേക്കാൾ കൂടുതൽ വില ലഭിക്കാൻ സാധ്യത ഇല്ലെന്നും, ടിയാൻ ടി ലോട്ടുകൾക്ക് മൊത്തം അടയ്ക്കാനുള്ള തുക 27,11,459/- രൂപയാണെന്നും അതിൽ 11,43,597/- രൂപ അടച്ചിട്ടുണ്ടെന്നും ബാക്കി തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയ ലേലക്കാരൻ തയ്യാറാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

2) ശ്രീ.സി.എച്ച്.ഉമ്മർ എന്നയാൾക്ക് പണം ഒടുക്കുന്നതിന് കാലതാമസം നേരിട്ടത് തികച്ചും ആകസ്മികവും മനഃപൂർവ്വമല്ലാത്ത കാരണത്താലുമാണ്. ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ലേല വ്യവസ്ഥകളിൽ ടിയാന് സംഭവിച്ച വീഴ്ചയിൽ ഉചിതമായ പിഴ പലിശ ഈടാക്കിക്കൊണ്ട് ലേല നിബന്ധനകൾ പ്രകാരം ബാക്കി തുക അടച്ച് തടികൾ ടിയാന് വിട്ടുനൽകാവുന്നതാണെന്നും ടി ലോട്ടുകൾ പുനർലേലം നടത്തിയാൽ ഇപ്പോൾ ലഭിച്ച വിലയേക്കാൾ കൂടുതൽ വില ലഭിക്കുവാൻ സാധ്യതയില്ലെന്നും, ശ്രീ.സി.എച്ച്.ഉമ്മർ എന്നയാൾ ലേലം കൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14(a)(i),(ii),14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് ലേലക്കാരൻ തുക ഒടുക്കേണ്ട അവസാന തീയതിയായ 1.3.2018-ന് ശേഷമുള്ള കാലയളവിൽ ലേലക്കാരനിൽ നിന്നും 4 8 % പിഴ ഈടാക്കികൊണ്ടും, ലേലസ്ഥിരീകരണ അറിയിപ്പിന് ശേഷമുള്ള 40 ദിവസം കഴിഞ്ഞുള്ള ഓരോ മാസത്തിനും, ഒന്നാം മാസം 150/-രൂപ അടിസ്ഥാനനിരക്കിൽ തടി നീക്കം ചെയ്യുന്ന തീയതി വരെയുള്ള മാസങ്ങളിൽ എണ്ണത്തിന്റെ അടിസ്ഥാനനിരക്കിന്റെ അത്രയും ഇരട്ടി തറവാടക ഈടാക്കി ബാക്കിയുള്ള 4 ലോട്ടുകൾ നീക്കം ചെയ്യാനും, അതിനായി ഉത്തരവ് തീയതി മുതൽ 3 0 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സി.എച്ച്.ഉമ്മർ എന്നയാൾക്ക് പണം ഒടുക്കുന്നതിന് കാലതാമസം നേരിട്ടത് തികച്ചും ആകസ്മികവും മനഃപൂർവ്വമല്ലാത്ത കാരണത്താലുമാണെന്നും, ലേല വ്യവസ്ഥകളിൽ ടിയാന് സംഭവിച്ച വീഴ്ചയിൽ ഉചിതമായ പിഴ പലിശ ഈടാക്കിക്കൊണ്ട് ലേല നിബന്ധനകൾ പ്രകാരം ബാക്കി തുക അടച്ച് തടികൾ വിട്ടുനൽകാവുന്നതാണെന്നും ടി ലോട്ടുകൾ പുനർലേലം നടത്തിയാൽ ഇപ്പോൾ ലഭിച്ച വിലയേക്കാൾ കൂടുതൽ വില ലഭിക്കുവാൻ സാധ്യതയില്ലെന്നുമുള്ള മുൻഖണ്ഡികയിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)ന്റെ ശുപാർശ പരിഗണിച്ച്, ശ്രീ.സി.എച്ച്.ഉമ്മർ എന്നയാൾ ലേലം കൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14(a)(i),(ii),14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് ലേലക്കാരൻ തുക ഒടുക്കേണ്ട അവസാന തീയതിയായ 1.3.2018-ന് ശേഷമുള്ള കാലയളവിൽ ലേലക്കാരനിൽ നിന്നും 4 8 % പിഴ ഈടാക്കികൊണ്ടും, ലേലസ്ഥിരീകരണ അറിയിപ്പിന് ശേഷമുള്ള 4 0 ദിവസം കഴിഞ്ഞുള്ള ഓരോ മാസത്തിനും, ഒന്നാം മാസം 150/-രൂപ അടിസ്ഥാനനിരക്കിൽ തടി നീക്കം ചെയ്യുന്ന തീയതി വരെയുള്ള മാസങ്ങളിൽ എണ്ണത്തിന്റെ അടിസ്ഥാനനിരക്കിന്റെ അത്രയും ഇരട്ടി തറവാടക ഈടാക്കി ബാക്കിയുള്ള 4 ലോട്ടുകൾ നീക്കം ചെയ്യാനും, അതിനായി ഉത്തരവ് തീയതി മുതൽ 3 0 ദിവസം

സമയപരിധി നിശ്ചയിച്ച് നൽകാനും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനില് കുമാര്.വി.എസ്.

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ & ഇ ) തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

VBeena

സെക്ഷൻ ഓഫീസർ